# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 330 | 27.02.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ഇ- വേ ബിൽ സംവിധാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അനൂപ് ജേക്കബ് | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഇ- വേ ബിൽ സംവിധാനം എന്ന് മുതൽ നടപ്പിലാക്കി തുടങ്ങിയെന്ന് അറിയിക്കുമോ; | (എ) & (ബി) | ചരക്കുസേവനനികുതിയുടെ ഭാഗമായി അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് 2018 ഫെബ്രുവരി 1 മുതൽ ഇ-വേ ബിൽ നിർബന്ധമാക്കിക്കൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇ-വേ ബിൽ സോഫ്റ്റ് വെയറിൽ സാങ്കേതിക പ്രശ്നങ്ങളുണ്ടായതിനെത്തുടർന്ന് വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇതിനെത്തുടർന്ന് കേന്ദ്രസർക്കാർ ഇ-വേ ബിൽ നിർബന്ധമല്ലാതാക്കികൊണ്ടുള്ള വിജ്ഞാപനം ഫെബ്രുവരി 2 ന് പുറപ്പെടുവിച്ചു. എന്നാൽ പരീക്ഷണാടിസ്ഥാനത്തിൽ ഇ-വേ ബിൽ എടുക്കുന്നതിനുള്ള അവസരം ഇപ്പോഴും നിലവിലുണ്ട്. |
| (ബി) | ഇ- വേ ബിൽ സംവിധാനം നടപ്പിലാക്കി തുടങ്ങിയതു മുതൽ നാളിതുവരെ പിഴ ഇനത്തിൽ എത്ര തുക ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | | |
| (സി) | എത്ര തുകയിൽ കൂടുതൽ മൂല്യമുള്ള ഉത്പന്നങ്ങൾക്കാണ് ഇ-വേ ബിൽ ആവശ്യമുള്ളത് ; നിർദിഷ്ട തുകയിൽ കുറഞ്ഞ മൂല്യമുള്ള ഉത്പന്നങ്ങൾ പല തവണയായി കടത്താനുള്ള സാധ്യതയും പരിഹാര മാർഗ്ഗങ്ങളും | (സി) | ഇ-വേ ബിൽ സമ്പ്രദായത്തിൽ 50,000 രൂപയ്ക്ക് മുകളിൽ മൂല്യമുള്ള പ്രത്യേകമായി ഒഴിവാക്കിയിട്ടില്ലാത്ത ചരക്കുകളുടെ കൈമാറ്റങ്ങൾക്ക് ഇ-വേ ബിൽ നിർബന്ധമാണ്. ട്രാൻസ്പോർട്ടറെ സംബന്ധിച്ചിടത്തോളം ഒരു ബില്ലിൽ |

| | | | |
|---|---|---|---|
| | ജി. എസ്. ടി. വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | | 50,000/- രൂപ എന്ന പരിധി ബാധകമല്ല. ഒരു വാഹനത്തിൽ മൊത്തം 50,000/- രൂപയ്ക്കു മുകളിലുള്ള ചരക്കുകൾ ഉണ്ടെങ്കിലും ഇ-വേ ബിൽ എടുക്കേണ്ടതുണ്ട്. അതിനാൽ ഇത്തരത്തിലുള്ള വെട്ടിപ്പിനുള്ള സാധ്യത കുറവാണ്. |

**സെക്ഷൻ ഓഫീസർ**